# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.131/PR/PIC/PHQ/18 Date : 28.05.2018

## പ്രത്യേക അന്വേഷണ സംഘം രൂപവത്കരിച്ചു

തട്ടിക്കൊണ്ടു പോകപ്പെട്ട കെവിൻ എന്ന യുവാവിനെ പിന്നീട് മരിച്ചനിലയിൽ കണ്ടെത്തിയതു സംബന്ധിച്ച് കോട്ടയം ഗാന്ധി നഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിന് ഐ ജി വിജയ് സാക്കറേയുടെ മേൽനോട്ടത്തിൽ ആറംഗ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി.

എസ്. പി. ഹരിശങ്കർ ഓപ്പറേഷണൽ ഹെഡ് ആയും കോട്ടയം ഡി.സി.ബി. ഡിവൈ എസ് ഗിരീഷ്.പി.സാരഥി ചീഫ് ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറായും രൂപവത്കരിച്ച പ്രത്യേക അന്വേഷണ സംഘത്തിൽ വി.ജി.വിനോദ് കുമാർ ( ഡിവൈ എസ് പി , പാല), എസ് അശോക് കുമാർ ( ഡിവൈ എസ് പി, ഇ.ഒ.ഡബ്ല്യു, കോട്ടയം), ജി.ഗോപകുമാർ (ഇൻസ്പെക്ടർ ) എന്നിവർ അംഗങ്ങളാണ്.

പ്രത്യേക അന്വേഷണ സംഘം അന്വേഷണം വേഗത്തിൽ നടത്തണമെന്നും അന്വേഷണത്തിന്റെ ഒവറാൾ ഇൻ ചാർജ് ആയ ദക്ഷിണമേഖല എ.ഡി.ജി.പി. അനിൽ കാന്തിന് റിപ്പോർട്ട് ചെയ്യണമെന്നും നിർദേശിച്ചിട്ടുണ്ട്.

കൂടാതെ, എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് കൊല്ലത്തും കോട്ടയത്തും നിന്നുമായി ക്രൈംബ്രാഞ്ചിന്റെ രണ്ടു സ്പെഷ്യൽ ടീമുകൾ സി.ബി.സി.ഐ.ഡി ഐ.ജിയും , തിരുവനന്തപുരം എറണാകുളം റെയിഞ്ചുകളിൽ ഓരോ സ്പെഷ്യൽ ടീം അതാത് റെയിഞ്ച് ഐജിമാരും രൂപവത്കരിച്ച് പ്രവർത്തിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചു.

**************